(ബി) കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു :

പഞ്ചായത്ത്	സെന്റർ നമ്പർ	പുരോഗതി വിവരം
ഏഴോം	38-ാം നമ്പർ പ്രതിഭ അങ്കണവാടി	സൺഷെഡ് കോൺക്രീറ്റ് ലവൽ
ഏഴോം	48-ാം നമ്പർ കോട്ടക്കിൽ അങ്കണവാടി	ചുമർപണി നടക്കുന്നു.

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

274 (T4320) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർത്തലാക്കിയതുമൂലം വീണ്ടും നവജാത ശിശുക്കളുടെ മരണം സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കുറ്റമറ്റരീതിയിൽ തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) അട്ടപ്പാടിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിർത്തലാക്കിയിട്ടില്ല.

വികലാംഗർക്ക് മുച്ചക്രവാഹനങ്ങൾ

275 (4321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് മുച്ചക്രവാഹനങ്ങൾ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് മുച്ചക്രവാഹനങ്ങൾ നൽകിയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പിന്റെകീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന മുച്ചക്രവാഹനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ 180 ഗുണഭോക്താക്കൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി മുച്ക്ര സ്കൂട്ടർ വിതരണം നടത്തിയിട്ടുണ്ട്.

കക്കട്ടുപറമ്പ്, പട്ടാരി, വെള്ളിയോട് അംഗൻവാടികളുടെ കെട്ടിട നിർമ്മാണം

276 (4322) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മാലൂർ ഗ്രാമപഞ്ചായത്തിലെ കക്കട്ടുപറമ്പ്, പട്ടാരി, വെള്ളിയോട് എന്നീ അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതെപ്പോഴാണ് ;

(ബി) പ്രസ്തുത അംഗൻവാടി കെട്ടിടനിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുക ഉണ്ടായോ ;

(സി) ടെണ്ടർ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly